## റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി V-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം (ശ്രീ. ഐ. ബി. സതീഷ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): സർ, വൈദ്യുതി, തൊഴിൽ, തൊഴിലാളിക്ഷേമം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. മാത്യു ടി. തോമസ്: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.